'ഭരണഭാഷ-മാതൃഭാഷ'

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - പൊതുഭരണവകുപ്പിൽ അണ്ടർസെക്രട്ടറിയായി ജോലി ചെയ്ത് വരവെ 18/01/2024-ന് മരണമടഞ്ഞ ഉണ്ണികൃഷ്ണ പിള്ള എൻ-ന്റെ ജീവൻരക്ഷാ ക്ലെയിം തുക നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം.2499/2026/ധന** **തീയതി, തിരുവനന്തപുരം, 10/03/2026**

പരാമർശം :-

1. 23/11/2010 ലെ സ.ഉ(പി) നം. 616/2010/ധന ഉത്തരവ്
2. 22/02/2023 ലെ സ.ഉ(പി) നം. 17/2023/ധന ഉത്തരവ്
3. 18/11/2023 ലെ സ.ഉ(പി) നം. 112/2023/ധന ഉത്തരവ്
4. 23/01/2024 ലെ സ.ഉ(പി)നം.07/2024/ധന ഉത്തരവ്
5. 16/08/2024 ലെ സ.ഉ(സാധാ) നം. 3666/2024/GAD ഉത്തരവ്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02/02/2025 ലെ എച്ച്എസ്എ/18233/2024/എഡിഎ 3 നമ്പർ കത്ത്.
7. ഇൻഷ്വറൻസ് ഡയറക്ടറുടെ 17/05/2025-ലെ ഇൻഷ്വ/ജീവൻരക്ഷാ/എം.5/ഇ.707220 നമ്പർ കത്ത്.
8. ശ്രീമതി. ഉമയമ്മ.കെ 27/05/2025-ൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.
9. ഇൻഷ്വറൻസ് ഡയറക്ടറുടെ 21/07/2025-ലെ ഇൻഷ്വ/ജീവൻ രക്ഷാ/എം.3/ഇ.707220 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുഭരണ വകുപ്പിൽ അണ്ടർസെക്രട്ടറിയും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച്, 18/01/2024-ന് മരണമടഞ്ഞ ഉണ്ണികൃഷ്ണ പിള്ള.എൻ-ന്റെ ജീവൻരക്ഷാ ക്ലെയിം അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാളുടെ മാതാവ് ശ്രീമതി. ഉമയമ്മ.കെ ഇൻഷ്വറൻസ് ഡയറക്ടർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ ജീവൻരക്ഷാ ക്ലെയിം പരിശോധിച്ചതിൽ നിന്നും ടിയാൻ 2024 വർഷത്തെ ജീവൻരക്ഷാ പ്രീമിയം തുകയായ 1000/-രൂപ ടിയാന്റെ 2023 നവംബർ മാസത്തെ ശമ്പളത്തിൽ നിന്ന് ഈടാക്കുകയോ ട്രഷറി മുഖാന്തരം നേരിട്ട് ഒടുക്കുകയോ ചെയ്തിട്ടില്ല എന്ന കാരണത്താൽ പരാമർശം (7) പ്രകാരം ഇൻഷ്വറൻസ് വകുപ്പ് ഡയറക്ടർ പ്രസ്തുത ക്ലെയിം നിരസിച്ചിരുന്ന സാഹചര്യത്തിൽ ടി ക്ലെയിം തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ടിയാളുടെ മാതാവ് ശ്രീമതി. ഉമയമ്മ.കെ പരാമർശം (8) പ്രകാരം ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു. തുടർന്ന് അപ്പീൽ അപേക്ഷയിന്മേൽ അന്തിമ തീർപ്പ് കല്പിക്കുന്നതിനായി പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 12 (ഡി) പ്രകാരം ഇൻഷ്വറൻസ് വകുപ്പിൽ നിന്നുള്ള പ്രതിനിധിയേയും, ശ്രീമതി. ഉമയമ്മ.കെയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടിയാളുടെ പ്രതിനിധിയായി ഉണ്ണികൃഷ്ണ പിള്ളയുടെ മുൻഭാര്യയും തന്റെ ചെറുമകളുടെ അമ്മയുമായ ലീജ ഒ.വി-യെയും ഉൾപ്പെടുത്തി ധനകാര്യ വകുപ്പ് അണ്ടർ സെക്രട്ടറി ഹിയറിംഗ് നടത്തിയിരുന്നു.

ജി.പി.എ.ഐ.എസ് പദ്ധതിയെ സ്വാഭാവിക മരണത്തിനും പരിരക്ഷ നൽകിക്കൊണ്ടുള്ള ജീവൻ രക്ഷാ പദ്ധതിയായി പുനർ നാമകരണം ചെയ്തത് സൂചന (2) ഉത്തരവ് പ്രകാരമാണ്. 18.01.2024-ൽ മരണമടഞ്ഞ (സ്വാഭാവിക മരണം) ഉണ്ണികൃഷ്ണ പിള്ള എൻ-നു ബാധകമായിട്ടുള്ളത് ജീവൻരക്ഷ പദ്ധതി 2024 വർഷത്തേയ്ക്ക് പുതുക്കിയ സൂചന (3) ഉത്തരവാണ്. ടി ഉത്തരവ് പ്രകാരം 2024 വർഷത്തേയ്ക്കുള്ള പ്രീമിയം തുകയായ 1000/- രൂപ 2023 നവംബർ മാസത്തെ ശമ്പളത്തിൽ നിന്നോ, ശൂന്യവേതനാവധിയിലുള്ളവർ, അന്യത്ര സേവനത്തിലുള്ളവർ, മറ്റ് ഏതെങ്കിലും രീതിയിൽ അവധിയിലുള്ളവർ, പേസ്ലിപ് ലഭിക്കാത്ത കാരണത്താൽ ശമ്പളം ലഭിക്കാത്തവർ, മറ്റേതെങ്കിലും കാരണത്താൽ ശമ്പളം ലഭിക്കാത്ത ജീവനക്കാർ എന്നിവർ പ്രസ്തുത തുക നേരിട്ടോ ഡി.ഡി.ഒ മുഖേനയോ 31/12/2023-ന് മുമ്പായി ട്രഷറിയിൽ നേരിട്ട് ഒടുക്കണമെന്നും ടി ഉത്തരവിൽ നിഷ്കർഷിച്ചിരുന്നു. കൂടാതെ 2023 നവംബർ മാസത്തെ ശമ്പള ബില്ലിനോടൊപ്പമോ 31.12.2023-നു മുൻപായി നേരിട്ടോ പ്രീമിയം തുക ഒടുക്കുവാൻ കഴിയാതിരുന്ന അർഹരായ ജീവനക്കാർക്ക് പ്രീമിയം തുക 2024 ജനുവരി/ഫെബ്രുവരി മാസത്തെ ശമ്പള ബില്ലിനോടൊപ്പമോ നേരിട്ടോ 31/03/2024 വരെ ഒടുക്കി ഈ പദ്ധതിയിൽ ചേരുന്നതിനുള്ള സമയപരിധി സൂചന (4) പ്രകാരം ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ 18/01/2024-നു

മരണപ്പെട്ട ഉണ്ണികൃഷ്ണ പിള്ള ടി തുക ഒടുക്കിയിട്ടില്ല. സൂചന (5) പ്രകാരം ഉണ്ണികൃഷ്ണ പിള്ള എൻ-യുടെ ഹാജരില്ലായ്മ 01.10.2023 മുതൽ ടിയാൾ മരണപ്പെട്ട 18.01.2024 വരെ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായി ക്രമീകരിച്ചിട്ടുള്ളതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ 12/12/2022 തീയതിയിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലിയിൽ പ്രവേശിച്ച ഉണ്ണികൃഷ്ണ പിള്ള എൻ സ്പാർക്ക് മുഖേന ഓഫീസിൽ പ്രവേശിക്കാതിരുന്നത് മൂലം ടിയാളുടെ സ്പാർക്ക് പേ സ്ലിപ്പുകൾ അപ്ഡേറ്റ് ചെയ്യാതിരുന്ന സാഹചര്യത്തിൽ ശമ്പളം പ്രസ്തുത ഓഫീസിൽ നിന്നും അനുവദിച്ച് നല്കിയിട്ടില്ലാത്തതാണെന്നും, അതിനാൽ നവംബർ മാസത്തെ ശമ്പളത്തിൽ നിന്നും ജീവൻരക്ഷ പ്രീമിയം തുക 1000/- രൂപ ഈടാക്കി ഒടുക്കിയിട്ടില്ലാത്തതാണെന്നും പ്രീമിയം നേരിട്ടോ ഡി.ഡി.ഒ മുഖേനയോ അടച്ചതിന്റെ രേഖകൾ ഓഫീസിൽ ഹാജരാക്കിയിട്ടില്ലാത്തതാണെന്നും സൂചന (6) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

ശ്രീ.ഉണ്ണികൃഷ്ണ പിള്ള.എൻ ഏറെ നാളുകളായി GERD (GASTRO EOSOPHAGEAL REFLEX DISEASE), ACUTE CHRONIC LIVER FAILURE എന്നീ രോഗങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുകയായിരുന്നുവെന്നും, ഏറെ നാൾ ജോലിയ്ക്ക് ഹാജരാകുവാൻ കഴിയാതെ അവധിയിൽ തുടരുകയായിരുന്നുവെന്നും ആരോഗ്യനില മോശമായതിനെ തുടർന്ന് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയിലായിരുന്ന കാലയളവിലായിരുന്ന പ്രീമിയം തുക ഒടുക്കേണ്ടിയിരുന്നതെന്ന വസ്തുത പരിഗണിച്ചും, പ്രീമിയം തുക ഒടുക്കാതിരുന്നത് മനഃപൂർവ്വമല്ലായെന്ന വസ്തുത പരിഗണിച്ചും തങ്ങൾക്ക് 5 വയസുള്ള ഒരു മകൾ മാത്രമാണുള്ളതെന്നും, വേറേ വിവാഹം കഴിച്ചിട്ടില്ലായെന്നും, സാമ്പത്തികമായി വളരെ ബുദ്ധിമുട്ടനുഭവിക്കുകയാണെന്നും ആയതിനാൽ മാനുഷിക പരിഗണന നല്കി ക്ലെയിം തുക അനുവദിച്ച് നല്കണമെന്നും ശ്രീമതി.ലീജ ഒ.വി അപേക്ഷിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ക്ലെയിം അപേക്ഷയും, അനുബന്ധരേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, ഹിയറിംഗ് വേളയിൽ ബോദ്ധ്യപ്പെട്ട വസ്തുതകളുടെ വെളിച്ചത്തിലും പ്രീമിയം ഒടുക്കേണ്ടിയിരുന്ന കാലയളവ് മുതൽ മരണം വരെയും മോശം ആരോഗ്യാവസ്ഥയെ തുടർന്ന് ഉണ്ണികൃഷ്ണ.പിള്ള മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയിലായിരുന്നുവെന്ന വസ്തുത കണക്കിലെടുത്തുകൊണ്ടും പ്രീമിയം ഒടുക്കാൻ കഴിയാതിരുന്നത് മനപൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കിയും ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് സൂചന (3) പ്രകാരം സ്വാഭാവിക മരണത്തിനുള്ള ജീവൻരക്ഷ പദ്ധതിയുടെ വാഗ്ദത്ത തുകയുടെ (5 ലക്ഷം രൂപയുടെ) 50% ആയ 2,50,000/- രൂപ (രണ്ട് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ടിയാളുടെ അവകാശികൾക്ക് അനുവദിച്ച് ഉത്തരവാകുന്നു.

പ്രസ്തുത ചെലവ് "8011- ഇൻഷ്വറൻസ് ആന്റ് പെൻഷൻ ഫണ്ട് -105- സംസ്ഥാന ഗവൺമെന്റ് ഇൻഷ്വറൻസ് ഫണ്ട്-89-ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി" എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽസി ജോർജ്ജ്**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, പട്ടം, പട്ടം പാലസ്.പി.ഒ, തിരുവനന്തപുരം
ശ്രീമതി. ഉമയമ്മ.കെ, സരസ്വതി ഭവൻ, മുതുകുളം നോർത്ത്, മുതുകുളം.പി.ഒ, ആലപ്പുഴ - 690506
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്, www.finance.kerala.gov.in
വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (നം. ഇ 3165107/എസ്റ്റാ -ഡി3/33/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ